49 (2427) മുക്കത്ത് എ.ഇ.ഒ. ഓഫീസ്

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം ആസ്ഥാനമായി വിദ്യാഭ്യാസ ഉപജില്ലയും എ.ഇ.ഒ. ഓഫീസും സ്ഥാപിക്കാനുള്ള നടപടികൾ എത്രത്തോളമായി എന്ന് വിശദമാക്കുമോ;

(ബി) മുക്കത്ത് എ.ഇ.ഒ. ഓഫീസ് എന്നു തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഇതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

50 (2428) റീ ഫിക്സേഷൻ അനുവദിച്ചു കിട്ടുവാൻ നടപടി

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതപ്പെട്ട റീഫിക്സേഷൻ അനുവദിച്ചു കിട്ടുന്നതിനു വേണ്ടി പാലക്കാട് ജില്ലയിലെ തെങ്കര പി.കെ.എൻ.എൻ.എം.എ.യു.പി. സ്കൂളിൽ ഹെഡ്മിസ്ട്രസ്സായി 31.3.98-ൽ സർവ്വീസിൽ നിന്നു പിരിഞ്ഞ മണ്ണാർക്കാട്, തെങ്കര, അരയങ്ങോട് പ്രസാദ ഭവനിൽ താമസിക്കുന്ന ശ്രീമതി വി. സുമതിയുടെ അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എത്രയും വേഗം തീരുമാനമുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടനെ നടപടി സ്വീകരിക്കുന്നതാണ്.

51 (2429) അദ്ധ്യാപകരെ നിയമിക്കുവാൻ നടപടി

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കുട്ടഞ്ചേരി ഗവൺമെന്റ് എൽ.പി. സ്കൂളിൽ ആവശ്യത്തിനുള്ള അദ്ധ്യാപകരില്ലാത്തതിനാൽ അവിടെ അദ്ധ്യയനം ശരിയായ രീതിയിൽ നടക്കുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിൽ എത്ര അദ്ധ്യാപകരുടെ തസ്തികയാണ് ഉള്ളതെന്നും ഇപ്പോൾ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഇപ്പോൾ അവിടെ എത്ര അദ്ധ്യാപകരുടെ തസ്തിക ഒഴിഞ്ഞു കിടപ്പുണ്ടെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly